# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2124** **03-03-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യകേന്ദ്രങ്ങളിലെ വാഹന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങളിലാണ് വാഹന സൗകര്യം നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (എ) | സി.എച്ച്.സി നെന്മാറ, എഫ്.എച്ച്.സി എലവഞ്ചേരി, സി.എച്ച്.സി. കൊട്ടുവയൂർ എന്നീ സ്ഥാപനങ്ങളിൽ ആരോഗ്യ വകുപ്പിന്റെ വാഹനമുണ്ട്. പി.എച്ച്.സി നെല്ലിയാമ്പതിയിലെ ആരോഗ്യ വകുപ്പിന്റെ വാഹനം Off Road ആണ്. പി.എച്ച്.സി, നെല്ലിയാമ്പതി, മുതലമട എന്നീ സ്ഥാപനങ്ങൾക്ക് 108 ആംബുലൻസിന്റെ സേവനം ലഭ്യമാണ്. എഫ്. എച്ച്.സി കൊല്ലങ്കോട്, എഫ്.എച്ച്.സി പല്ലശ്ശേന എന്നീ സ്ഥാപനങ്ങളിൽ പഞ്ചായത്തിന്റെ വാഹനങ്ങളുടെ സേവനം ലഭ്യമാണ്. |
| (ബി) | വാഹന സൗകര്യമില്ലാത്ത ആശുപത്രികളിലേക്ക് അവ അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യ സ്ഥാപനങ്ങൾക്ക് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്, എ.എൽ.എ ഫണ്ട്, എം.പി ഫണ്ട് എന്നിവ വഴി വാഹനങ്ങൾ വാങ്ങി നൽകുന്നുണ്ട്. കൂടാതെ CSR സംഭാവന വഴിയും വാഹനങ്ങൾ ലഭിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ